**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3490** **14-07-2022 - ൽ മറുപടിയ്ക്ക്**

**കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമന ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | 2008 -ൽ കേരള സർവ്വകലാശാലയിൽ ഇരുന്നൂറോളം അസിസ്റ്റൻറുമാരെ നിയമിച്ചതിനും ഉത്തരക്കടലാസുകൾ കാണാതായതിനും വകുപ്പ് തല അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 2008-ലെ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് മൂന്ന് സിൻഡിക്കേറ്റ് അംഗങ്ങൾ ഉൾപ്പെട്ട Fact Finding Committee അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) | പരീക്ഷ എഴുതാത്തവർ പോലും റാങ്ക് പട്ടികയിൽ ഇടംപിടിച്ചുവെന്നും ഉത്തരക്കടലാസുകൾ നശിപ്പിച്ചശേഷം ഉയർന്ന റാങ്കുകൾ നൽകിയെന്നും മാർക്ക് സൂക്ഷിച്ചിരുന്ന വൈസ് ചാൻസലറുടെ ലാപ്ടോപ് മോഷണം പോയെന്നുമുള്ള ആരോപണങ്ങളുടെ നിജസ്ഥിതി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ടി ആരോപണങ്ങളുമായി ബന്ധപ്പെട്ട് വിവിധ ഹർജികൾ ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (സി) | എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ വിശദാംശം നൽകാമോ? | (സി) | (ബി)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ